# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 159 — 28.11.2018-ൽ മറുപടിയ്ക്ക്

## നിരപരാധിയെ ജയിലിലടച്ച പോലീസുദ്യോഗസ്ഥർക്കെതിരെ നടപടി

| ചോദ്യം<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | കാഞ്ഞിരപ്പുഴ പൂഞ്ചോല പാമ്പൻതോട് ആദിവാസി കോളനിയിലെ ചന്ദ്രൻ എന്ന യുവാവിനെ മണ്ണാർകാട് പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ടോ; | (എ) & (ബി) | പാലക്കാട് ജില്ലയിൽ മണ്ണാർകാട് പോലീസ് സ്റ്റേഷൻ പരിധിയിൽ ശ്രീ.ഉച്ചമഹാകാളി ക്ഷേത്രത്തിൽ മോഷണ ശ്രമം നടത്തി എന്നതിന് പ്രതി രാധാകൃഷ്ണൻ എന്നയാളുടെ പേരിൽ മണ്ണാർകാട് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നം.824/2008 u/s 511 of 57, 380 IPC കേസ്സിന്റെ അടിസ്ഥാനത്തിലാണ് രാധാകൃഷ്ണൻ എന്നുകരുതി ചന്ദ്രൻ എന്ന യുവാവിനെ ആളുമാറി അറസ്റ്റ് ചെയ്തത്. |
| (ബി) | എങ്കിൽ ഏത് കേസിന്റെ അടിസ്ഥാനത്തിലാണ് അറസ്റ്റ് ചെയ്തതെന്ന് വെളിപ്പെടുത്തുമോ; | | |
| (സി) | പോലീസ് അദ്ദേഹത്തെ കോടതിയിൽ ഹാജരാക്കിയതും റിമാൻഡ്ചെയ്തതും തിരിച്ചറിയൽ രേഖകൾ പരിശോധിച്ച് സ്ഥിരീകരിച്ച ശേഷമാണോ; | (സി) | ശ്രീ.ചന്ദ്രനിൽ നിന്നും തിരിച്ചറിയൽ രേഖകൾ ലഭിക്കാത്തതിനാൽ കോടതിയിൽ ഹാജരാക്കുന്നതിന് മുമ്പ് ഇക്കാര്യം സ്ഥിരീകരിക്കാൻ കഴിഞ്ഞിട്ടില്ല. |
| (ഡി) | ഇല്ലെങ്കിൽ, തെറ്റായ രീതിയിൽ അറസ്റ്റ് ചെയ്ത് നിരപരാധിയായ യുവാവിനെ ജയിലിലടച്ച പോലീസുദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | രാധാകൃഷ്ണനു പകരം ചന്ദ്രനെ അറസ്റ്റ് ചെയ്ത് റിമാന്റിൽ പാർപ്പിക്കാനിടയാക്കിയതിന് സി.പി.ഒ 5299 അബ്ദുൾ സലാം, GASI ശിവരാജൻ എന്നിവരെ ജില്ലാ സായുധസേനയിലേയ്ക്ക് ട്രെയിനിംഗിനായി അയച്ചിട്ടുള്ളതും, സ്റ്റേഷൻ SHO-വിന് മെമ്മോ നൽകിയിട്ടുള്ളതുമാണ്. ഇവർക്കെതിരെ വകുപ്പുതല അന്വേഷണം നടത്തി അച്ചടക്കനടപടി സ്വീകരിക്കുവാൻ സംസ്ഥാന പോലീസ് മേധാവിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ